Page 1 of 1

ഉത്തരം

(എ&ബി) ഉണ്ട്.

(സി) ദീപക് കുമാർ Vs. സ്റ്റേറ്റ് ഓഫ് ഹരിയാന കേസ്സിൽ ബഹുമാനപ്പെട്ട സുപ്രീംകോടതി പുറപ്പെടുവിച്ച വിധിയെ അടിസ്ഥാനമാക്കി, ഖനന പ്രവർത്തനങ്ങൾക്ക് പരിസ്ഥിതി ആഘാത പഠനം നിർബന്ധമാക്കിക്കൊണ്ട് 24-12-2013-ന് J-13012/12/2013-IAII(1) നമ്പർ ഓഫീസ് മെമ്മോറാണ്ടം, കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിനനുസൃതമായി, സംസ്ഥാനത്ത് കേരള മൈനർ മിനറൽ കൺസഷൻ റൂൾസിൽ (KMMCR-1967) ഭേദഗതി വരുത്തുന്നതിനുള്ള പ്രക്രിയ വ്യവസായ വകുപ്പിൽ പുരോഗമിച്ചുവരുന്നു.

## മുല്ലപ്പെരിയാർ ഡാമിന്റെ ജലനിരപ്പ് ഉയർത്തുമ്പോഴുണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നങ്ങളെക്കുറിച്ചുള്ള പഠനം

295 (3587) ശ്രീ. കെ. കെ. ജയചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുല്ലപ്പെരിയാർ ഡാമിലെ ജലനിരപ്പ് 142 അടിയായി ഉയർത്തുമ്പോൾ എത്ര ഹെക്ടർ വനഭൂമി വെള്ളത്തിനടിയിലാകാൻ സാധ്യത ഉണ്ട് എന്നത് സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള പഠനം നടത്തിയിട്ടുണ്ടോ ;

(ബി) മുല്ലപ്പെരിയാർ കേസിൽ ഇക്കാര്യം കോടതിയിൽ ചൂണ്ടിക്കാണിച്ചിരുന്നുവോ ; ഇല്ലെങ്കിൽ ഇപ്രകാരമുള്ള ഒരു വീഴ്ച വരുവാനിടയായ സാഹചര്യം വിശദമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്. മുല്ലപ്പെരിയാർ ഡാമിന്റെ ജലനിരപ്പ് 142 അടിയായി ഉയർത്തുമ്പോൾ പെരിയാർ ടൈഗർ റിസർവിലെ 568 ഹെക്ടർ വനഭൂമി മുങ്ങിപ്പോകുമെന്ന് കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് നടത്തിയിട്ടുള്ള പഠനത്തിൽ കണ്ടെത്തിയിട്ടുണ്ട്.

(ബി) ചൂണ്ടിക്കാണിച്ചിരുന്നു.

## തമിഴ്നാട് അതിർത്തിയിലെ ന്യൂട്രിനോ പരീക്ഷണശാല

296 (3588) ശ്രീ. വി. എസ്. സുനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തമിഴ്നാട് അതിർത്തിയിലെ പൊട്ടിപ്പുറത്ത് ന്യൂട്രിനോ പരീക്ഷണശാലയ്ക്കായി തുരങ്കം നിർമ്മിക്കാനുള്ള പദ്ധതി പശ്ചിമഘട്ടത്തിൽ പാരിസ്ഥിതികാഘാതം സൃഷ്ടിക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;



LIBRARY ARCHIVES Kerala Legislative Assembly